**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 221** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവിഷബാധ സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചിലയിടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുളള ഭക്ഷ്യവിഷബാധ സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പ വരുത്തുന്നതിന്റെ ഭാഗമായി നിരന്തരം പരിശോധനകൾ നടത്തി വരുന്നു. സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു.<br><br>2022 **ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ നടത്തുകയും, പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,63,00,000/- **രൂപ (ഒരു കോടി ആറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം)** പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ **Unsafe** ആയും 220 സാമ്പിളുകൾ **Substandard** ആയും, 301 സാമ്പിളുകൾ **Misbranded** ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് **1556** പ്രോസിക്യൂഷൻ കേസുകളും **1271** അഡജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. **2014** മുതൽ **2022** വരെയുള്ള കാലയളവിൽ **2302** അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- **രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം)** പിഴ വിധിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി **NABL** അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനാലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെ **14** ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ ഉണ്ട്. പ്രസ്തുത ലാബുകളിൽ മാത്രമായി **2022 ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ **21070** ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും ജില്ലകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിയ്ക്കേണ്ട സാമ്പിളുകളുടെ വിവരങ്ങൾ കണക്കാക്കി ജില്ലകൾക്ക് നൽകിവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. |
| (ബി) | ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പൊതുജനങ്ങളെ ഉൾപ്പെടെ സഹകരിപ്പിക്കുന്നതിനും കൂടുതൽ വ്യാപകമായ പരിശോധനകൾ നടത്തുന്നതിനും വകുപ്പ് നടപടികൾ സ്വീകരിക്കുമോ? | (ബി) | ഭക്ഷ്യ വിഭവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ചില മുൻകരുതലുകൾ ഉൽപ്പാദകരും ഉപഭോക്താക്കളും സ്വീകരിയ്ക്കേണ്ടതുണ്ട്. ഷവർമ്മ പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം പച്ച മുട്ട ഉപയോഗിച്ച് തയ്യാറാക്കുന്ന മയോണൈസ് സംസ്ഥാനത്ത് നിരോധിക്കുകയും **Pasturised Egg** മയോണൈസും **Veg** മയോണൈസും പ്രോത്സാഹിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാഴ്സൽ ഭക്ഷണം സുരക്ഷിതമായി ഉപയോഗിക്കുന്നതിനായി ഭക്ഷണം തയ്യാറാക്കിയ തീയതിയും സമയവും ഒപ്പം ടി ഭക്ഷണം ഉപയോഗിക്കേണ്ട സമയപരിധിയും പാഴ്സലിൽ രേഖപ്പെടുത്തുന്നതും നിർബന്ധമാക്കിയിട്ടുണ്ട്.<br><br>ഇത്തരം ഭക്ഷണങ്ങളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനും അതിലൂടെ ആരോഗ്യകരമായ ഭക്ഷണ ശീലം വളർത്തിയെടുക്കുന്നതിന്റെ പ്രാധാന്യം മനസിലാക്കിക്കൊടുക്കുന്നതിലേയ്ക്കുമായി ഭക്ഷ്യ സുരക്ഷാ വിഭാഗം നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി പരിശോധനകളും ട്രെയിനിംഗുകളും, ബോധവൽക്കരണവും ശക്തമാക്കിയിട്ടുണ്ട്. **2022** ഏപ്രിൽ മുതൽ |

| | | | |
|---|---|---|---|
| | | | ഡിസംബർ വരെ **334** ട്രെയിനിംഗുകളിലായി ആകെ **13630** ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അടുത്ത മൂന്ന് മാസത്തിനുള്ളിൽ **10** പേർ ഉള്ള ഹോട്ടലിൽ ഒരാൾ എങ്കിലും ട്രെയിനിംഗ് നേടിയിരിക്കണമെന്ന ലക്ഷ്യത്തോട്ടു കൂടി ട്രെയിനിംഗ് പരിപാടികൾ തുടർന്നു വരുന്നു. തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോട്ടുകൂടി ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ